## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*165 03.05.2017 ൽ മറുപടിക്ക്

### ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം<br><br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br><br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഹരിതകേരളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഹരിതകേരളം മിഷൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി നിർദ്ദേശം നൽകിയിട്ടുണ്ട്. വലിയ തോതിൽ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ജലസംരക്ഷണം, മാലിന്യസംസ്കരണം, കൃഷി വ്യാപനം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിക്കുകയുണ്ടായി. ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജലവിഭവ വകുപ്പും ജൈവകൃഷി വികസന പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള ശുചിത്വ മിഷനും നേതൃത്വം നൽകി വരുന്നു. ജില്ലാ, ബ്ളോക്ക് ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കേന്ദ്രീകരിച്ച് മിഷന് രൂപം നൽകുകയും വിവിധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ജനകീയാസൂത്രണത്തിന്റെ രീതികൂടി ഉൾക്കൊണ്ട് പദ്ധതികൾ തയ്യാറാക്കി വരുന്നു. മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് സ്ഥാപനപരമായ നേതൃത്വം നൽകുന്നതിനുള്ള സംവിധാനം ക്രമീകരിക്കുകയും പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | 1. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജല സാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുന:സ്ഥാപന പ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക<br>2. പാരിസ്ഥിതിക സുരക്ഷയും ഉത്പാദനക്ഷമതയും സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരക ശക്തിയായി പ്രവർത്തിക്കുക.<br>3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, ജന പങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക.<br>4. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭ ജല സംപോഷണം ഉറപ്പാക്കുക.<br>5. ഫലവൃക്ഷങ്ങൾ,വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചു പിടിപ്പിക്കുക. |
| സി) | എന്തെല്ലാം മേഖലകൾക്കാണ് പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | സി) | ശുചിത്വ മാലിന്യ സംസ്കരണം, കൃഷി വികസനം, മണ്ണ് ജലസംരക്ഷണം എന്നീ മേഖലകൾക്കാണ് പദ്ധതി ഊന്നൽ നൽകിയിട്ടുള്ളത്. |
| ഡി) | പദ്ധതി നടത്തിപ്പിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം എങ്ങനെ സാദ്ധ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | പദ്ധതി നടത്തിപ്പിന്റെ നയപരമായ വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മിഷനും ഭരണപരമായ വിഷയങ്ങളിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റിയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം സാധ്യമാക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ